പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.5452

1.7.2014-ൽ മറുപടിയ്ക്ക്

**കെ.എം.എം.എല്ലിനെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് പദ്ധതികൾ**

**ചോദ്യം**

**ശ്രീ.എം.എ.ബേബി**
**ശ്രീ.പി.കെ.ഗുരുദാസൻ**
**ശ്രീമതി.പി.അയിഷാ പോറ്റി**
**ശ്രീ.എ.എം.ആരിഫ്**

**(എ)** മാനേജ്മെന്റിന്റെ കാര്യശേഷിയില്ലായ്മ ചില പൊതുമേഖലാ സ്ഥാപനങ്ങളുടെ തകർച്ചയ്ക്ക് ആക്കം കൂട്ടുന്നുവെന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

**(ബി)** പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ ഇപ്പോൾ തകർച്ചയിലെത്തിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

**(സി)** കെ.എം.എം.എൽ-നെ സംരക്ഷിക്കുന്നതിന് കഴിഞ്ഞ ഭരണകാലത്ത് കൊണ്ടുവന്ന വികസന പദ്ധതികൾ തുടരുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കാത്തതാണ് കെ.എം.എം.എൽ-ന്റെ തകർച്ചയ്ക്ക് കാരണമായതെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

**(ഡി)** കെ.എം.എം.എല്ലിനെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

**ഉത്തരം**

**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

**(എ)** ഇല്ല. കാര്യക്ഷമമായ പൊതുമേഖലാ മാനേജ്മെൻറ് എന്നതാണ് സർക്കാർ നിലപാട്.

**(ബി)** ഇല്ല; ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതി, ഉൽപ്പാദന ചെലവിലുണ്ടായ വർദ്ധനവ് എന്നിവ മൂലം കമ്പനിയുടെ ലാഭത്തിൽ ഇടിവ് സംഭവിച്ചിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള തുടർ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

**(സി) യും (ഡി) യും**

കെ.എം.എം.എൽ-ൻെറ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി ഉൽപ്പാദനച്ചെലവ് കുറക്കുന്നതിനുള്ള പദ്ധതികൾ, അസംസ്കൃത സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ, സെയിലുമായി ചേർന്നുള്ള ടൈറ്റാനിയം സ്പോഞ്ചിൻെറ ഉൽപ്പാദനം തുടങ്ങിയ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ